(ഇ) കഴിഞ്ഞകൊല്ലം കക്കാവിതരണത്തിന് ടെൻഡർ നൽകിയ മാതൃകയിൽ അതേ നിബന്ധനകൾ അനുസരിച്ച് ടെൻഡർ നൽകിയ കുറഞ്ഞ നിരക്കുകാരനെ ഉപേക്ഷിച്ച് കൂടിയ നിരക്കുകാരന് ടെൻഡർ ഉറപ്പിക്കുവാൻ കാരണമെന്ത്?

ഉത്തരം

(എ) ആലപ്പുഴ ജില്ലയ്ക്ക്, മെസ്സേഴ്സ് ഹാൻഡ് പൗണ്ഡിംഗ് വ്യവസായ സഹകരണസംഘം, പുളിങ്കുന്ന്.

കോട്ടയം ജില്ലയ്ക്ക് മെസ്സേഴ്സ് വിജയാ ട്രേഡിംഗ്, തിരുവനന്തപുരം.

(ബി) കോട്ടയം ജില്ലയിൽ—3 എണ്ണം, ആലപ്പുഴ ജില്ലയിൽ 8 എണ്ണം.

(സി) ഉണ്ട്.

(ഡി) കോട്ടയം ജില്ലയിൽ കക്കാവിതരണത്തിന് ടെൻഡർ സ്വീകരിക്കുന്നതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. എന്നാൽ ടെൻഡർ നോട്ടിഫിക്കേഷനിലെ 33.ാം വകുപ്പുപ്രകാരം ടെൻഡറിനോടൊപ്പം പ്രിലിമിനറി എഗ്രിമെന്റുകൂടി സമർപ്പിക്കണമെന്ന വ്യവസ്ഥ ഈ വർഷം നിർബന്ധമാക്കുകയും ടെൻഡർ സ്വീകരിക്കുന്നതിൽ അത് കർശനമായി പാലിയ്ക്കുകയും ചെയ്തു.

ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ സാമ്പത്തികവർഷം നെഗോഷ്യേറ്റഡ് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് കുമ്മായവിതരണസഹകരണസംഘങ്ങളെ കുമ്മായവിതരണം ഏൽപ്പിച്ചിരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ടെൻഡർ വിളിച്ചാണ് കക്കാവിതരണത്തിനുള്ള കോൺട്രാക്ട് നൽകിയിട്ടുള്ളത്.

(ഇ) കുമ്മായം വാങ്ങുന്നതിന് പുറപ്പെടുവിച്ചിരുന്ന ടെൻഡർ നോട്ടിഫിക്കേഷനിലെ 33.ാം വകുപ്പ് അനുസരിച്ചുള്ള പ്രിലിമിനറി എഗ്രിമെന്റ് നൽകാത്തതുകൊണ്ട് ഏറ്റവും കുറഞ്ഞ നിരക്ക് തന്നിരുന്ന കോൺട്രാക്ടറെ അംഗീകരിക്കുവാൻ കഴിഞ്ഞില്ല.

പുഞ്ച കൃഷിക്ക് കക്കാവിതരണം

583 [841] ശ്രീ. കെ.ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുഞ്ചകൃഷിക്ക് സൗജന്യനിരക്കിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ കക്കാ (ലൈം) വിതരണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ടൺ കക്കാവിതരണം നടത്തിയിട്ടുണ്ട്?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ കക്കാവിതരണം നടത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

(ബി) മൂന്നു ടൺ കക്കാ വിതരണം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly